# Malayala Manorama

# 18 June 2018

# Kozhikode: Koodaranji, Landslide

## കൂടരഞ്ഞിയിലും വൻ ഉരുൾപൊട്ടൽ; പുറത്തറിയാൻ വൈകി

മനോരമ ലേഖകൻ

കൂടരഞ്ഞി (കോഴിക്കോട്) ● ജില്ലയുടെ മലയോരമേഖലയിലെ വിവിധ പ്രദേശങ്ങളിൽ ഉരുൾ പൊട്ടലുണ്ടായ അതേ ദിവസം തന്നെ ഒരു ക്വാറിക്കു സമീപവും ഉരുൾ പൊട്ടലുണ്ടായതായി കണ്ടെത്തി. കൂടരഞ്ഞി പഞ്ചായത്തിലെ പെരുമ്പൂള മഞ്ഞക്കടവിൽ പ്രവർത്തനാനുമതി കാത്തിരിക്കുന്ന ക്വാറിക്ക് സമീപമാണ് വൻതോതിലുള്ള ഉരുൾ പൊട്ടലുണ്ടായത്. സംഭവം ഇന്നലെയാണ് പുറംലോകം അറിഞ്ഞത്.

200 മീറ്ററോളം ദൂരത്തിൽ കല്ലും മണ്ണും മരങ്ങളും ഒഴുകിപ്പോയതായി കണ്ടെത്തി. ക്വാറിക്ക് വേണ്ടി വെടിമരുന്ന് സൂക്ഷിക്കാൻ നിർമിച്ച സംഭരണശാലയുടെ ഒരു ഭാഗവും തകർന്ന നിലയിലാണ്. ക്വാറിക്കും ക്രഷറിനും വേണ്ടി 20 ഏക്കർ സ്ഥലമാണ് ഇവിടെ പലരുടെ പേരിൽ വാങ്ങിക്കൂട്ടിയത്.

ആദ്യഘട്ടമായി സൂപ്പർ സ്റ്റോൺ ക്രഷറിനായാണ് കൂടരഞ്ഞി പഞ്ചായത്തിൽ അനുമതി തേടിയത്. വിഷയം ചർച്ച ചെയ്യാൻ വിളിച്ച ഗ്രാമസഭാ യോഗം പ്രദേശത്തിന്റെ അപകടാവസ്ഥയും മുൻകാലങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലും റോഡിന്റെ വീതിക്കുറവും ചൂണ്ടിക്കാട്ടി അനുമതി നൽകരുതെന്നു പ്രമേയം പാസാക്കി.



കോഴിക്കോട് കുടരഞ്ഞി മഞ്ഞക്കടവിലുണ്ടായ ഉരുൾ പൊട്ടലിനെ തുടർന്നു മണ്ണും കല്ലും ഒലിച്ചുപോയ നിലയിൽ. ക്വാറി ആവശ്യത്തിനായി വെടിമരുന്ന് സുക്ഷിക്കാൻ നിർമിച്ച സംഭരണ ശാലയും കാണാം.

തുടർന്ന് പഞ്ചായത്ത് ബോർഡ് യോഗം ക്രഷറിന് അനുമതി നിഷേധിച്ചു.

സൂപ്പർ സ്റ്റോൺ ക്വാറിക്ക് അനുമതി നേടാനുള്ള ശ്രമം ആരംഭിച്ചപ്പോൾ തന്നെ ഇതിനെതിരെ വലിയ ജനകീയ പ്രക്ഷോഭം ഉണ്ടായിരുന്നു.